**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275** **27-06-2024 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി ഉമ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതരായ നിരവധി പേരെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2017-ലെ മെഡിക്കൽ ക്യാമ്പിനെ തുടർന്ന് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം ധാരാളം പേർ പ്രസ്തുത പട്ടികയിലുൾപ്പെടുത്തുവാൻ കാസർഗോഡ് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് പുതിയ മെഡിക്കൽ ക്യാമ്പിനുള്ള അപേക്ഷ ക്ഷണിക്കുകയും ആയതിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയുമാണ്. |
| (ബി) | 2017-ലെ വിദഗ്ധ സമിതി റിപ്പോർട്ടിൽ ഉൾപ്പെട്ട ആയിരത്തോളം പേരെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 2017-ൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ ആദ്യ രണ്ട് ഘട്ട മെഡിക്കൽ പരിശോധന പൂർത്തിയായപ്പോൾ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിരുന്ന 1905 പേരിൽ 874 പേരെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഒഴിവാക്കപ്പെട്ട 1031 പേരെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം ഫീൽഡ് വെരിഫിക്കേഷൻ കഴിഞ്ഞപ്പോൾ എൻഡോസൾഫാൻ തളിച്ച കാലയളവിൽ ടിയാളുകൾ പ്രസ്തുത മേഖലയിൽ താമസിച്ചിരുന്നതായി കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്നതിനാലാണ്. |
| (സി) | അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരെ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 2017-ലെ മെഡിക്കൽ ക്യാമ്പിന് ശേഷം എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | 15 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള ഒന്നാംഘട്ട പരിശോധനാ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ